## നടപടി തീർപ്പ്

കേരളാ പഞ്ചായത്ത് ആക്ട്, കേരള മുൻസിപ്പാലിറ്റി ആക്ട് എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡിപ്പാർട്ടുമെന്റിന്റെ ചുമതലകളും സ്ഥാപനങ്ങളും പദ്ധതികളും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്തുകൊണ്ട് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡിപ്പാർട്ടുമെന്റ് പുറപ്പെടുവിക്കുന്ന ഉത്തരവ്.

നാട്ടു ചികിത്സാവകുപ്പ്

ജി.1. 7913/93      തിരുവനന്തപുരം, തീയതി:28.9.1995

സൂചന:   തദ്ദേശ സ്വയംഭരണ (സി) വകുപ്പ് 1995 സെപ്റ്റംബർ 18 ന്
ജി.ഒ. (പി) നമ്പർ 189/95/ത.ഭ.വ. ആയി ഇറക്കിയ ഉത്തരവ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 166 (6), 167 (1), 172(5), 173 (5) എന്നീ വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതു പ്രകാരം പ്രസ്തുത ആക്ടിലെ മൂന്നാം പട്ടികയിൽ (അനുബന്ധം – 1) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പിന്റെ ചുമതലകളും, സ്ഥാപനങ്ങളും പദ്ധതികളും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകൾക്കും, നാലാം പട്ടികയിൽ (അനുബന്ധം2) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട വകുപ്പിലെ സ്ഥാപനങ്ങളും സ്ഥാപനങ്ങളുടെ ചുമതലകളും പദ്ധതികളും ബ്ലോക്ക് പഞ്ചായത്തുകൾക്കും 1995 ഒക്ടോബർ 2–ാം തീയതി രാവിലെ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം കൈമാറ്റം ചെയ്തുകൊണ്ട് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ വകുപ്പ് ഉത്തരവ് പുറപ്പെടുവിക്കുന്നു.

അതുപോലെ 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 30 (3) ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രസ്തുത ആക്ടിൽ ഒന്നാം പട്ടികയിൽ (അനുബന്ധം – 4) പരാമർശിച്ചിട്ടുള്ള സംഗതികളുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതലകളും സ്ഥാപനങ്ങളും സംസ്ഥാനത്തെ മുനിസിപ്പൽ കൗൺസിലുകൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും 1995 ഒക്ടോബർ 2–ാം തീയതി രാവിലെ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം കൈമാറ്റം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

കൈമാറ്റം ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. സ്ഥാപനങ്ങളോടൊപ്പം അവയുടെ ആസ്തിബാധ്യതകളും വസ്തുവകകളും അവയിൽ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ തസ്തികകളും ഉദ്യോഗസ്ഥന്മാരും അതാത് തദ്ദേക സ്വയംഭരണ സ്ഥാപനത്തിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെടുന്ന തസ്തികകളിൽ അതാത് സർക്കാർ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാർ തന്നെ മറിച്ചൊരു ഉത്തരവു ഉണ്ടാകുന്നതുവരെ തുടരേണ്ടതാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ഏൽപ്പിച്ചു കൊടുത്തിട്ടുള്ള വകുപ്പിന്റെ അധികാരങ്ങളും ചുമതലകളും പദ്ധതികളും ഫലപ്രദമായി നിർവ്വഹിക്കുന്നതിന് എല്ലാ സൗകര്യങ്ങളും സാങ്കേതിക ഉപദേശങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ നൽകേണ്ടതാണ്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ ഉദ്യോഗസ്ഥന്മാരുടെ സേവനം വിട്ടുകൊടുക്കുന്നതിന്റെ നിബന്ധനകളും, വ്യവസ്ഥകളും, സംബന്ധിച്ചും പ്രസ്തുത സ്ഥാപന ങ്ങൾക്ക് ആവശ്യമായ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചും ഉള്ള ഉത്തരവുകൾ പിന്നാലെ പുറപ്പെടുവിക്കുന്നതാണ്.

സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളം അലവൻസ് മുതലായവ ഇന്നത്തെ രീതിയിൽ തന്നെ തുടരേണ്ടതാണ്.

സ്ഥാപനങ്ങളിലേക്ക് ആവശ്യമായ ഔഷധങ്ങൾ ഔഷധിയിൽ നിന്നും വാങ്ങേണ്ടതും ഔഷധങ്ങളുടെ ഇന്റന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ ഔഷധിക്ക് കാലാകാലങ്ങളിൽ സമർപ്പിക്കേണ്ടതും, ഔഷധങ്ങളുടെ വില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അംഗീകാരത്തോടെ ഔഷധിയ്ക്ക് നൽകേണ്ടതുമാണ്.

ഒപ്പ്

ഡോ.വി.എം. ബ്രഹ്മദത്തൻ നമ്പൂതിരി

ഡയറക്ടർ

അനുബന്ധം (1) പട്ടിക 12

എ. ഗ്രാമപ്രദേശങ്ങളിലെ ആയുർവേദ സ്ഥാപനങ്ങളുടെ നടത്തിപ്പും നിയന്ത്രണവും.

1. ഗ്രാമീണ വൈദ്യന്മാർക്ക് ഗ്രാന്റ് അനുവദിക്കുക.

അനുബന്ധം (2) പട്ടിക 4

എ. താലൂക്ക് ആയുർവേദ ആശുപത്രികളുടെ പൂർണ്ണമായ നടത്തിപ്പും നിയന്ത്രണവും

അനുബന്ധം (4) പട്ടിക 6

എ. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ അതിർത്തിയിൽ വരുന്ന ആയൂർവേദ ആശുപത്രി കളുടെ പൂർണ്ണമായ നടത്തിപ്പും നിയന്ത്രണവും

അനുബന്ധം (5)

എ. ഗ്രാമപഞ്ചായത്തിലേക്ക് കൈമാറുന്ന ആയൂർവേദ സ്ഥാപനങ്ങളുടെ തസ്തികകളും ലിസ്റ്റും.

എ. ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറുന്ന ആയൂർവേദ സ്ഥാപനങ്ങളുടേയും തസ്തികകളുടേയും ലിസ്റ്റ്.